# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6770 — 13.07.2012-ൽ മറുപടിക്ക്

## ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റോഷി അഗസ്റ്റിൻ :<br>,, എം.വി.ശ്രേയാംസ് കുമാർ :<br>ഡോ. എൻ.ജയരാജ് :<br>ശ്രീ. പി.സി.ജോർജ് : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ദേശീയ ഗ്രാമീണ ആരോഗ്യ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; ഇത് എന്ന് മുതലാണ് സംസ്ഥാനത്ത് നടപ്പിലായി തുടങ്ങിയത് ; വിശദാംശങ്ങൾ നല്കാമോ ; | (എ) വിലയിരുത്തിയിട്ടുണ്ട്. 30.06.2006 മുതൽ നടപ്പിലാക്കിവരുന്നു.<br>പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും, കേന്ദ്രതലത്തിലും ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെയും സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെയും നേതൃത്വത്തിൽ പദ്ധതി അവലോകനം നടത്തുന്നുണ്ട്. ജില്ലാതല അവലോകനങ്ങൾ ജില്ലയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി പ്രത്യേകിച്ചും ജില്ലാ പ്രോഗ്രാം മാനേജർമാരുടെ നേതൃത്വത്തിലും സംസ്ഥാനതല അവലോകനങ്ങൾ പ്രിൻസിപ്പൽ സെക്രട്ടറിയുടെയും സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെയും നേതൃത്വത്തിൽ ചർച്ച ചെയ്ത് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. കൂടാതെ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന കോമൺ റിവ്യൂ മീറ്റിംഗിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ആരോഗ്യ വകുപ്പ് സെക്രട്ടറി, സ്റ്റേറ്റ് മിഷൻ ഡയറക്ടർ എന്നിവർ പങ്കെടുക്കാറുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങൾ മുൻനിറുത്തിയാണ് സംസ്ഥാനത്ത് നടപ്പിലാക്കിയത് ; വിശദമാക്കാമോ ; | (ബി) ആശുപത്രികളുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും നിലവാരം മെച്ചപ്പെടുത്തുക, ആരോഗ്യ സ്ഥാപനങ്ങളിൽ ഡോക്ടർമാരെയും പാരാമെഡിക്കൽ ജീവനക്കാരെയും ആവശ്യാനുസരണം നിയമിക്കുക, രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക, മാതൃശിശു മരണനിരക്ക് കുറയ്ക്കുക, പൊതുജനാരോഗ്യ സേവന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക, അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക, പകർച്ചവ്യാധികൾ മറ്റു |

| | |
|---|---|
| | സാംക്രമിക രോഗങ്ങൾ എന്നിവയുടെ നിയന്ത്രണവും നിരീക്ഷണവും ശക്തിപ്പെടുത്തുക, സമഗ്ര ആരോഗ്യസംരക്ഷണം ഏവർക്കും ഉറപ്പുവരുത്തുക, ജനസംഖ്യാ നിയന്ത്രണം, സംതുലനം, അവയുടെ അനുപാതം എന്നിവ നിയന്ത്രിക്കുക, ആയുർവേദം, ഹോമിയോ, സിദ്ധ, യുനാനി എന്നിവയെ ഒരു കുടക്കീഴിലാക്കി ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ആരോഗ്യസേവനവും മെഡിക്കൽ സേവനവും നൽകുക, പൊതുജീവിത നിലവാരം മെച്ചപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ ആണ് ദേശീയ ഗ്രാമീണ ആരോഗ്യപദ്ധതിയുടെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ. |
| (സി) ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി വിലയിരുത്തി കേരളത്തിന് ഏറ്റവും അനുയോജ്യമായ തരത്തിൽ മാറ്റങ്ങൾ വരുത്തി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) ജനോപകാരപ്രദങ്ങളായ നൂതന പദ്ധതികൾ ആവിഷ്കരിച്ച് പദ്ധതി രൂപരേഖ കേന്ദ്ര സർക്കാരിന് സമർപ്പിച്ച് അനുമതി ലഭിച്ചശേഷം അത്തരം പദ്ധതികൾ കൂടുതൽ ഫലവത്തായ രീതിയിൽ നടപ്പിലാക്കി വരുന്നു. സ്വീകാര്യമായ നിർദ്ദേശങ്ങൾ ലഭിക്കുമെങ്കിൽ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ